**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1696** **08-12-2022 - ൽ മറുപടിയ്ക്ക്**

**അന്താരാഷ്ട്ര സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനം സംബന്ധിച്ച്.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കാലിക്കറ്റ് സർവ്വകലാശാല ആസ്ഥാനമാക്കി ആരംഭിക്കുന്ന സംസ്ഥാനത്തെ ആദ്യ അന്താരാഷ്ട്ര സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇതിനായി സർക്കാർ അനുവദിച്ച ഫണ്ട് എത്രയാണെന്ന് വ്യക്തമാക്കുമോ; ഭരണാനുമതി നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | ഇല്ല. ഭരണാനുമതി നൽകിയിട്ടില്ല. |
| (ബി) | ടി ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിന് മുന്നോടിയായി കാലിക്കറ്റ് സർവ്വകലാശാലയും സ്പോർട്സ് കേരള ഫൗണ്ടേഷനും തമ്മിൽ ഏതെങ്കിലും തരത്തിലുള്ള ധാരണപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടില്ല. |
| (സി) | പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനായി കാലിക്കറ്റ് സർവ്വകലാശാലയും സ്പോർട്സ് കേരള ഫൗണ്ടേഷനും ചേർന്ന് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (സി) | സ്പോർട്സ് കേരള ഫൗണ്ടേഷനിലെ ചീഫ് എഞ്ചിനീയർ പ്രാഥമിക സ്ഥല പരിശോധന നടത്തുകയുണ്ടായി. |
| (ഡി) | ഇതുമായി ബന്ധപ്പെട്ട് സംയുക്ത സ്ഥല പരിശോധന നടത്തിയിട്ടുണ്ടോ; ആയതിൽ പങ്കെടുത്തവർക്ക് അറിയിപ്പ് നൽകിയതാരാണ്; അറിയിപ്പ് നൽകിയ രേഖകളുടെ പകർപ്പും പങ്കെടുക്കേണ്ടവരെ തീരുമാനിച്ച നടപടി ക്രമങ്ങളുടെ പകർപ്പും ലഭ്യമാക്കുമോ; | (ഡി) | സ്പോർട്സ് കേരള ഫൗണ്ടേഷനിലെ ചീഫ് എഞ്ചിനീയർ പ്രാഥമിക സ്ഥല പരിശോധന നടത്തുകയുണ്ടായി. |
| (ഇ) | പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിന്റെ ഭാഗമായി സ്പോർട്സ് കേരള ഫൗണ്ടേഷൻ നടത്തിയിട്ടുള്ള മുഴുവൻ പ്രവർത്തനങ്ങളുടെയും വിശദാംശം ലഭ്യമാക്കുമോ; ഇതുമായി ബന്ധപ്പെട്ട് ടി സ്ഥാപനം നടത്തിയ മുഴുവൻ കത്തിടപാടുകളുടെയും പകർപ്പ് ലഭ്യമാക്കുമോ? | (ഇ) | സ്പോർട്സ് കേരള ഫൗണ്ടേഷനിലെ ചീഫ് എഞ്ചിനീയർ പ്രാഥമിക സ്ഥല പരിശോധന നടത്തുകയുണ്ടായി. |

സെക്ഷൻ ഓഫീസർ